മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ നിരന്തരം പരിശോധന നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of prices by catering establishment) order പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. പ്രസ്തുത നടപടികൾ ഉപഭോക്താക്കൾക്ക് ഒരു പരിധിവരെ ഗുണം ചെയ്യുന്നുണ്ട്. ഭക്ഷണ സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് ഫലപ്രദമായി തടയുന്നതിനും ഒരേ ഭക്ഷണത്തിനുതന്നെ പല ഹോട്ടലുകളിൽ വ്യത്യസ്ത വില ഈടാക്കുന്നതും, ഏറ്റവും അത്യാവശ്യ ഭക്ഷണ പദാർത്ഥങ്ങൾക്കുപോലും യാതൊരു മാനദണ്ഡവുമില്ലാതെ അമിത വില ഈടാക്കുന്നതും തടയുന്നതിലേക്കായി ഒരു നിയമ നിർമ്മാണത്തിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്.

മാവേലിസ്റ്റോറുകളുടെ പ്രവർത്തനം

19 (*879) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിസ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഗുണഭോക്തൃ കമ്മിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; ഇതിനകം എത്ര ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ചുവെന്ന് അറിയിക്കുമോ ;

(സി) ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) മാവേലിസ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ തഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. ഡിപ്പോതലത്തിൽ ജൂനിയർ മാനേജർ (മാർക്കറ്റിംഗ് ആന്റ് ഇൻസ്പെക്ഷൻ) മുഖേന നടത്തുന്ന നിരീക്ഷണ സംവിധാനവും, എല്ലാ മാസവും ഡിപ്പോതലത്തിൽ നടത്തുന്ന അവലോകന മീറ്റിങ്ങുകളും മാവേലിസ്റ്റോറുകളുടെ കാര്യക്ഷമത ഉയർത്തുവാൻ സഹായകരമാകുന്നുണ്ട്.

2. ഡിപ്പോതലത്തിൽ ജൂനിയർ മാനേജർമാർ (മാർക്കറ്റിംഗ് ആന്റ് ഇൻസ്പെക്ഷൻ) നടത്തുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ട് റീജിയണൽ തലത്തിലും ഹെഡാഫീസ് തലത്തിലും അവലോകനം നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ നിയമാനുസൃതമായ അളവിലും നിരക്കിലും ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി സ്റ്റോർ/സൂപ്പർമാർക്കറ്റ് തലത്തിലും അതാത് വിൽപ്പനശാലയിലെ മാനേജർ, ബന്ധപ്പെട്ട ഡിപ്പോ മാനേജർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ചെയർമാൻ, വെൽഫെയർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഒരു വനിതാ ഉപഭോക്താവ്, ഒരു മുതിർന്ന ഉപഭോക്താവ് എന്നിവരടങ്ങിയ ഔട്ട്‌ലെറ്റ് ഉപദേശകസമിതി രൂപീകരിച്ച് നടപടി ആയിട്ടുണ്ട്. ഈ കമ്മിറ്റികൾ മൂന്ന് മാസത്തിലൊരിക്കൽ യോഗംചേർന്ന് വിൽപ്പനശാലകളുടെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തുന്നതാണ്. പൊതുജനങ്ങൾക്ക് അവിടെ പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. എല്ലാ മാസവും 5-25 തീയതികളിൽ ഉപഭോക്തൃദിനമായി ആചരിക്കുവാനുള്ള തീരുമാനമായിട്ടുണ്ട്. ഈ ദിനങ്ങളിൽ മേഖല മാനേജർ/ഡിപ്പോ മാനേജർ/ജൂനിയർ മാനേജർ എന്നിവരിൽ ഏതെങ്കിലുമൊരു ഉദ്യോഗസ്ഥൻ ഔട്ട് ലെറ്റുകൾ സന്ദർശിക്കുകയും ഉപഭോക്താക്കളുടെ പരാതി നേരിട്ട് സ്വീകരിക്കുകയും ചെയ്യും.

5. മാവേലി സ്റ്റോർ/സൂപ്പർ മാർക്കറ്റ് മാനേജർമാർക്കും അവരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി വരുന്നു.

6. സ്ഥലപരിമിതികളുള്ളതും ആവശ്യത്തിന് അവശ്യവസ്തുക്കൾ സൂക്ഷിക്കുവാനുള്ള സൗകര്യമില്ലാത്തതുമായ മാവേലി സ്റ്റോറുകൾ സൗകര്യമുള്ള കെട്ടിടങ്ങൾ കണ്ടുപിടിച്ച് കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റുവാനും നടപടികളെടുത്തുവരുന്നു.

7. കൂടാതെ 10 വർഷത്തിൽ കൂടുതൽ വിറ്റുവരവുള്ള മാവേലിസ്റ്റോറുകൾ ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദവും വിസ്തീർണ്ണവുമുള്ള സൂപ്പർ മാർക്കറ്റുകളാക്കാൻ നടപടികളെടുത്തുവരുന്നു.

(ബി) മാവേലിസ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും അടക്കമുള്ള സപ്ലൈകോ വിപണനകേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, പരാതികൾക്ക് കാലതാമസമുണ്ടാകാതെ പരിഹാരം കാണുക, വിപണന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾവഴി ജനങ്ങളുടെ അഭിപ്രായങ്ങളും ഉപദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുക എന്നിവയാണ് ഗുണഭോക്തൃ കമ്മിറ്റി അഥവാ വിപണന കേന്ദ്ര ഉപദേശക സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

സപ്ലൈകോയുടെ 1338 വിപണനകേന്ദ്രങ്ങളിൽ ഇതിനകം 970 ഉപദേശകസമിതികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഉപദേശക സമിതി രൂപീകരിക്കപ്പെടാത്ത വിപണനകേന്ദ്രങ്ങളിൽ അവ രൂപീകരിക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ട് 1 മാസം പിന്നിടുന്നു. ഇതിലെ അഭിപ്രായങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പഴകിയ അരി വിതരണത്തിനെതിരെ നടപടി

20 (*880) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി പുഴുവരിച്ചതും പഴകിയതുമായ അരി വിതരണം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പരാതിയിന്മേൽ പരിശോധന നടത്താറുണ്ടോയെന്ന് അറിയിക്കുമോ ;

(സി) പഴകിയ അരി വിതരണം ചെയ്യുന്നതിന് കാരണക്കാരായവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ട ഉടൻ അരി മാറ്റികൊടുത്തിട്ടുണ്ട്.

(ബി) പരാതി ലഭിച്ചിട്ടില്ല. എന്നാൽ തിരുവനന്തപുരം ജില്ലയിലെ വിതുര മാവേലി സ്റ്റോറിൽ നിന്നും 25-6-2014-ൽ വി.വി. ദായിനി യു.പി.സ്കൂളിൽ വിതരണംചെയ്ത അരിയിൽ പുഴുക്കളെ കണ്ടെത്തിയതായി സപ്ലൈകോ തിരുവനന്തപുരം റീജിയണൽ മാനേജരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

മാവേലി സ്റ്റോറിൽ പരിശോധനനടത്തി മോശമായ അരി ഡിപ്പോയിലേക്ക് മാറ്റുകയും ചെയ്തു.

(സി) കുറ്റക്കാരായി തെളിഞ്ഞാൽ നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly